# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 30.07.2024** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മരണസംഖ്യ ഉയരുന്നു. 47 മൃതദേഹങ്ങൾ ഇതിനകം കണ്ടെത്തി. മേഖലയിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു.

   **Atleast 47 people have killed in the massive landslide hit Wayanad district in Kerala. Rescue operations are in progress.**

2. കൂടുതൽ NDRF സംഘങ്ങൾ അൽപസമയത്തിനകം വയനാട്ടിലെത്തും. കരസേനയും, നാവികസേനയും രക്ഷാപ്രവർത്തനത്തിൻറെ ഭാഗമാകും. മന്ത്രിമാരുടെ സംഘം രക്ഷാപ്രവർത്തനം ഏകോപിപ്പിക്കും. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ കൺട്രോൾ റൂമുകൾ തുറന്നു.

   **More NDRF teams are on its way to further strengthen the response operation. Army and Navy will also join the rescue activities. A team of Kerala ministers will coordinate the operations. Various departments opened control rooms.**

3. രാഷ്ട്രപതിയും, പ്രധാനമന്ത്രിയുമുൾപ്പെടെയുള്ള പ്രമുഖർ ദുരന്തത്തിൽ അനുശോചനം രേഖപ്പെടുത്തി. അപകടത്തിൽപ്പെട്ടവർക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം പ്രഖ്യാപിച്ചു.

   **President Droupadi Murmu and Prime Minister Narendra Modi have expressed condolences over the loss of lives in the landslides in Wayanad. Prime Minister has announced an ex-gratia of two lakh rupees for the next of kin of each deceased.**

4. സാധ്യമായ എല്ലാ രക്ഷാപ്രവർത്തനങ്ങളും ദുരന്തമേഖലയിൽ ഉറപ്പുവരുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

കേന്ദ്രത്തിന്റെ ഭാഗത്തു നിന്നും എല്ലാ സഹായവും ഉറപ്പുവരുത്തുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ.

**State Government will do everything possible to rescue people, says Kerala Chief Minister Pinarayi Vijayan. MoS George Kuryan assures all possible supports from the side of Centre.**

5. ബജറ്റ് ചർച്ചകൾക്ക് ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് ലോക്സഭയിൽ മറുപടി നൽകും.

**Finance Minister Nirmala Sitharaman is expected to reply to the discussion on Union Budget 2024-25 in the Lok Sabha this evening**

**$$$$$$$$$$$$$$$$$$$$**

## Waynad Landslide

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 41 ആയി. മുണ്ടക്കൈ, അട്ടമല, ചൂരൽമല മേഖലയിൽ ഇന്ന്പുലർച്ചെയാണ് ഉരുൾപൊട്ടലുണ്ടായത്. പരിക്കേറ്റ 70-ഓളം പേരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ഇരുനൂറിലേറെപ്പേർ പ്രദേശത്ത് കുടുങ്ങിക്കിടക്കുന്നതായാണ് വിവരം. അട്ടമല പ്രദേശത്തു നിന്നും, ചാലിയാറിൽ മലപ്പുറം ജില്ലയിലെ പോത്തുകലിൽ നിന്നും നിരവധി മൃതദേഹങ്ങൾ കണ്ടെത്തി. ആദ്യം ഉരുൾപൊട്ടിയ മുണ്ടക്കൈ ഭാഗത്തേക്ക് ഇതുവരെ രക്ഷാപ്രവർത്തകർക്ക് എത്താൻ കഴിഞ്ഞില്ല. ഇരുനൂറോളം വീടുകൾ ഉള്ളിടത്താണ് അപകടം നടന്നതെന്നാണ് നാട്ടുകൾ പറയുന്നത്. മുണ്ടക്കൈ, അട്ടമല മേഖലകൾ പൂർണമായും ഒറ്റപ്പെട്ട നിലയിലായത് രക്ഷാപ്രവർത്തനത്തെ ദുർഘടമാക്കിയിട്ടുണ്ട്. ദുരന്തനിവാരണസേനയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. കൂടുതൽ എൻ.ഡി.ആർ.എഫ് സംഘങ്ങൾ ഉച്ചയോടെ പ്രദേശത്തെത്തും. രക്ഷാപ്രവർത്തനം ഏകോപിപ്പിക്കാൻ മന്ത്രിമാർ ഉൾപ്പെടെ വയനാട്ടിൽ എത്തിയിട്ടുണ്ട്. കോഴിക്കോട് നിന്ന് ടെറിറ്റോറിയൽ ആർമി ബറ്റാലിയനും, മെഡിക്കൽ സംഘവും വയനാട്ടിലേക്ക് പുറപ്പെട്ടു. രക്ഷാപ്രവർത്തനത്തിനായി ഹെലികോപ്ടറുകൾ എത്തിക്കാൻ ശ്രമിച്ചെങ്കിലും പ്രതികൂല കാലാവസ്ഥയെ തുടർന്ന് കോഴിക്കോട് ഇറക്കേണ്ടതായി വന്നു. സൈന്യത്തിന്റെ എഞ്ചിനീയറിങ് ഗ്രൂപ്പും ബംഗളുരുവിൽ നിന്ന് അടിയന്തരമായി വയനാട്ടിലെത്തും. ഉരുൾപൊട്ടലിൽ പാലം തകർന്ന സാഹചര്യത്തിൽ ബദൽ സംവിധാനം ഒരുക്കുന്നത് അടക്കമുള്ള കാര്യങ്ങൾ സൈന്യത്തിന്റെ എഞ്ചിനീയറിങ് വിഭാഗം നടപ്പാക്കും. ഏഴിമലയിൽ നിന്ന് നാവിക സേനാ സംഘവും മുഖ്യമന്ത്രിയുടെ അഭ്യർത്ഥന പ്രകാരം രക്ഷാപ്രവർത്തനത്തിന് എത്തും. ഇതിന് പുറമേ

ഡ്രോണുകളും, പോലീസ് നായ സ്ക്വാഡും രക്ഷാപ്രവർത്തനത്തിനായി രംഗത്തിറങ്ങും.

***<u>കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്...</u>***

***<u>(വോയിസ്)</u>***

**$$$$$$$$$$$$$$$$$$$$**

***MALAPPURAM INTRO***

***വയനാട് മേപ്പാടിയിലെ ചൂരൽമലയിൽ ഉരുൾപൊട്ടലിൽ കാണാതായവരുടെ മൃതദേഹങ്ങൾ ചാലിയാറിന്റെ വിവിധ കടവുകളിൽ നിന്നായി കണ്ടെത്തിയ സാഹചര്യത്തിൽ മേഖലയിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. രക്ഷാപ്രവർത്തനത്തിനായി കേന്ദ്ര ദുരന്ത നിവാരണ സേന ഇവിടെ എത്തിച്ചേർന്നിട്ടുണ്ട്.***
***വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു----***

***(ഹോൾഡ്)***

**$$$$$$$$$$$$$$$$$$$$**

**<u>CM LANDSLIDE</u>**

ഉരുൾപൊട്ടൽ ബാധിത പ്രദേശത്ത് സാധ്യമായ എല്ലാ രക്ഷാപ്രവർത്തനങ്ങളും മന്ത്രിമാരുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വയനാട്ടിലെ സ്ഥിതിഗതികളും വിലയിരുത്തി. രക്ഷാപ്രവർത്തനം ഏകോപിപ്പിക്കാൻ മന്ത്രിമാരുടെ സംഘത്തെയും മുഖ്യമന്ത്രി നിയോഗിച്ചു. മന്ത്രിമാരായ എ കെ ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, കെ രാജൻ, പി.എ മുഹമ്മദ് റിയാസ്, ഒ.ആർ കേളു എന്നിവരാണ് സംഘത്തിലുള്ളത്.

**$$$$$$$$$$$$$$$$$$$$**

**<u>PM Wayanad</u>**

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ അഗാധ ദുഖം രേഖപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്രമോദി. മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം

രൂപയും പരിക്കേറ്റവർക്ക് അൻപതിനായിരം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം പ്രഖ്യാപിച്ചു. മുഖ്യമന്ത്രി പിണറായി വിജയനുമായി ഫോണിൽ ബന്ധപ്പെട്ട് സ്ഥിതിഗതികൾ ആരാഞ്ഞ പ്രധാനമന്ത്രി രക്ഷാപ്രവർത്തനത്തിന് എല്ലാ പിന്തുണയും ഉറപ്പുനൽകി.

$$$$$$$$$$$$$$$$$$$$$$

**PREZ-VP WAYANAD**

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും അനുശോചനം രേഖപ്പെടുത്തി. രക്ഷാപ്രവർത്തനം വിജയകരമായി പൂർത്തിയാകട്ടേയെന്നും, പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടേയെന്നും രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും ആംശംസിച്ചു.

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങും, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും ദുരന്തത്തിൽ അനുശോചനം രേഖപ്പെടുത്തി. ദേശീയ ദുരന്ത നിവാരണ സേന പ്രദേശത്ത് രക്ഷാപ്രവർത്തനം തുടരുകയാണെന്നും, കൂടുതൽ എൻ.ഡി.ആർ.എഫ് ടീമുകൾ വൈകാതെ സ്ഥലത്തെത്തുമെന്നും ശ്രീ അമിത് ഷാ പറഞ്ഞു. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ കരസേനയുടെ സജീവ ഇടപെടൽ ഉറപ്പുവരുത്തുന്നതിനായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്, കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുമായി സംസാരിച്ചു.

കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് എല്ലാ സഹായവും എത്രയും വേഗം ലഭ്യമാക്കുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദി നേരിട്ട് സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ടെന്നും അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കി. ലോക്സഭാ പ്രതിപക്ഷനേതാവും, മുൻ വയനാട് എംപിയുമായ രാഹുൽ ഗാന്ധിയും മുഖ്യമന്ത്രിയുമായി ഫോണിൽ ബന്ധപ്പെട്ട് വിവരങ്ങൾ ആരാഞ്ഞു. രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കാൻ കേന്ദ്രമന്ത്രിമാരുമായി സംസാരിക്കുമെന്നും രാഹുൽ ഗാന്ധി അറിയിച്ചു. പ്രതിപക്ഷ നേതാവ് വി ഡി സതീശനും അപകട സ്ഥലത്തേക്ക് തിരിച്ചിട്ടുണ്ട്. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാറിന്റെ ഇന്നത്തെ എല്ലാ പൊതു പരിപാടികളും മാറ്റിവച്ചു.

$$$$$$$$$$$$$$$$$$$$$$

**Health Minister**

വയനാട് ഉരുൾപ്പൊട്ടലിന്റെ സാഹചര്യത്തിൽ വയനാട് മാത്രമല്ല സമീപ ജില്ലകളായ മലപ്പുറം, കോഴിക്കോട് തുടങ്ങിയ വടക്കൻ ജില്ലകളിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ ആരോഗ്യമന്ത്രി വീണാ ജോർജ് നിർദേശം നൽകി. ആശുപത്രികളിൽ അധിക സൗകര്യങ്ങളൊരുക്കണമെന്നും മന്ത്രി നിർദേശിച്ചു. വയനാട് അധികമായി ആരോഗ്യ പ്രവർത്തകരെ നിയോഗിക്കണം. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും കണ്ണൂരിൽ നിന്നുമുള്ള ടീമുകൾ ഇവിടേക്ക് പുറപ്പെട്ടിട്ടുണ്ട്.

സംസ്ഥാന വ്യാപകമായി ലീവിലുള്ള ആരോഗ്യ പ്രവർത്തകർ അടിയന്തരമായി തിരികെ ജോലിയിൽ പ്രവേശിക്കാനും ആരോഗ്യമന്ത്രി നിർദേശം നൽകി. പി.എൻ

$$$$$$$$$$$$$$$$$$$$$

**CONTROL ROOM**

വയനാട്ടിൽ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ കൺട്രോൾ റൂമുകൾ തുറന്നു. ആരോഗ്യവകുപ്പിൻറെ കൺട്രോൾ റൂമുകളിൽ 96 56 93 86 89 എന്ന നമ്പറിലോ 80 86 01 08 33 എന്ന നമ്പറിലോ ബന്ധപ്പെടാം. പൊലീസ് ആസ്ഥാനത്തും പ്രത്യേക കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമിൽ 94 97 90 04 02 എന്ന നമ്പറിലോ 0471 2 72 15 66 എന്ന നമ്പറിലോ ബന്ധപ്പെടാം. വയനാട് ജില്ലാഭരണകൂടം സജ്ജീകരിച്ചിരിച്ച കൺട്രോൾ റൂമിൽ 1077 എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടാം.

$$$$$$$$$$$$$$$$$$$$$

**RAIN KERALA**

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. മലപ്പുറം, കണ്ണൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. തിരുവനന്തപുരത്തും കൊല്ലത്തും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. 10 ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ന് അവധിയാണ്. കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

$$$$$$$$$$$$$$$$$$$$$

**SPECIAL BULLETIN**

വയനാട് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം ഇന്ന് പ്രത്യേക വാർത്താ ബുള്ളറ്റിൻ പ്രക്ഷേപണം ചെയ്യും. ഉച്ചയ്ക്ക് മൂന്ന് മണിക്കും, വൈകുന്നേരം നാല് മണിക്കും, 5.30 നുമായിരിക്കും പ്രത്യേക വാർത്താ ബുള്ളറ്റിൻ.

$$$$$$$$$$$$$$$$$$$$$

**PARLIAMENT - PM**

2024-25 കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ചകൾ പാർലമെൻറിൻറെ ഇരുസഭകളിലും പുരോഗമിക്കുന്നു. ബജറ്റ് ചർച്ചകൾക്ക് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ ഇന്ന് ലോക്സഭയിൽ മറുപടി നല്കും. ഈ മാസം 23 നായിരുന്നു ധനമന്ത്രി ബജറ്റ് അവതരിപ്പിച്ചത്.

$$$$$$$$$$$$$$$$$$$$$

**PM CII**

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി - CII യുടെ ബജറ്റാനന്തര സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യു. ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിലാണ്, 'വികസിത ഭാരതത്തിലേക്കുള്ള യാത്ര' എന്ന സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്. രാജ്യത്തിൻറെ വളർച്ചയിൽ വ്യവസായ മേഖലയുടെ പങ്കിനെക്കുറിച്ചുള്ള സർക്കാറിന്റെ കാഴ്ചപ്പാട് സമ്മേളനത്തിൽ അവതരിപ്പിക്കും. .

$$$$$$$$$$$$$$$$$$$$$

**BYE ELECTION**

കേരളത്തിൽ 49 തദ്ദേശവാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് പുരോഗമിക്കുന്നു. രാവിലെ ഏഴ് മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകുന്നേരം ആറ് മണി വരെ തുടരും. വയനാട് ഒഴികെയുള്ള 13 ജില്ലകളിലെ ഒരു ജില്ലാ പഞ്ചായത്ത്, നാല് ബ്ലോക്ക്

പഞ്ചായത്ത്, ആറ് മുനിസിപ്പാലിറ്റി, 38 ഗ്രാമപഞ്ചായത്ത് വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. വോട്ടെണ്ണൽ നാളെ നടക്കും.

$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$